# <u>ബുള്ളറ്റ് മോഷ്ടാവ് പിടിയിൽ</u>

മോഷ്ടിച്ച ബൈക്കുമായി കറങ്ങി നടന്ന പ്രതി പിടിയിൽ. കടുങ്ങല്ലൂർ മുപ്പത്തടം തേമ്പാടത്ത് വീട്ടിൽ അസ്ലം ജമാൽ (ജെറീഷ് 30) ആണ് ആലുവ പോലീസിൻറെ പിടിയിലായത്. ആലുവ പാലസ് റോഡിലുള്ള വീടിൻറെ മുൻപിൽ പാർക്ക് ചെയ്തിരുന്ന ബുള്ളറ്റ് ആണ് ഇയാൾ മോഷണം നടത്തിയത്. വാഹനത്തിൻറെ നമ്പർ പ്ലേറ്റ് ഊരി വച്ച് ഉപയോഗിച്ചു കൊണ്ടിരുന്ന പ്രതിയെ ജില്ലാ പോലീസ് മേധാവി കെ.കാർത്തിക്കിൻറെ നേതൃത്വത്തിൽ രൂപീകരിച്ച പ്രത്യേക അന്വേഷണ സംഘമാണ് പിടികൂടിയത്. ഇയാൾ കഞ്ചാവ് കേസ് ഉൾപ്പെടെ നിരവധി കേസുകളിൽ പ്രതിയാണ്. ആലുവ ഈസ്റ്റ് പോലീസ് സ്റ്റേഷൻ ഇൻസ്പെക്ടർ പി.എസ്.രാജേഷ്. എസ് ഐ കെ.എ.ടോമി, സി പി ഒ മാരായ എൻ.എ.മുഹമ്മദ് അമീർ, മാഹിൻഷാ അബുബക്കർ എന്നിവരുമുണ്ടായിരുന്നു.